# അക്കാദമിക

# മാസ്റ്റർ പ്ലാൻ

# 2025-2026

## സെന്റ് ഫ്രാൻസിസ്

## എൽ.പി.എസ് വിയ്യൂർ

# ഉള്ളടക്കം

ആമുഖം
ലക്ഷ്യങ്ങൾ
വിദ്യാലയത്തിന്റെ ലഘുചരിത്രം
വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്
പദ്ധതി രൂപീകരണ പ്രക്രിയ
നിലവിലെ അവസ്ഥ വിശകലനം
മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ
പദ്ധതി വിശദാംശങ്ങൾ
പ്രതീക്ഷിത നേട്ടങ്ങൾ
മോണിട്ടറിംഗ്
ഉപസംഹാരം.

അനുബന്ധം

വിദ്യാലയത്തിന്റെ സ്കെച്ച്, പ്ലാൻ

മികവുകൾ നേട്ടങ്ങൾ

കുട്ടികളുടെ എണ്ണം (മുൻവർഷങ്ങളിൽ)

നിലവിലുള്ള അധ്യാപകരെ സംബന്ധിച്ച

വിശദാംശം

ജൈവ വൈവിധ്യ പാർക്ക് രൂപരേഖ.

# അടിസ്ഥാന വിവരങ്ങൾ

വിദ്യാലയത്തിന്റെ പേര് : സെന്റ് ഫ്രാൻസിസ് എൽ. പി സ്കൂൾ, വിയ്യൂർ

വിലാസം : ഷൊർണൂർ റോഡ്
പി.ഒ. വിയ്യൂർ
തൃശ്ശൂർ - 680010

ഫോൺ :

സ്കൂൾ കോഡ് : 22429

വിദ്യാഭ്യാസ ഉപജില്ല : തൃശ്ശൂർ ഈസ്റ്റ്

വിദ്യാഭ്യാസ ജില്ല : തൃശ്ശൂർ

റവന്യൂ ജില്ല : തൃശ്ശൂർ

ബി. ആർ. സി. : തൃശ്ശൂർ

സി. ആർ. സി : പൂങ്കുന്നം

കോർപ്പറേഷൻ : തൃശ്ശൂർ

ഡിവിഷൻ : ഡിവിഷൻ V

നിയമസഭാമണ്ഡലം : തൃശ്ശൂർ

ലോകസഭാമണ്ഡലം : തൃശ്ശൂർ

താലൂക്ക് : തൃശ്ശൂർ

വില്ലേജ് : വിയ്യൂർ

ഇ. മെയിൽ : stfrancislpsviyyur@gmail.com

# ആമുഖം

മികവിന്റെ കേന്ദ്രമായി വിദ്യാലയത്തെ മാററിയെടുക്കുന്നതിനും പൊതുസമൂഹത്തിന് മതിപ്പ് ഉളവാക്കുന്നതിനും പൊതുവിദ്യാഭ്യാസ രംഗത്തെ നിലവിലുള്ള കുറവുകൾ പരിഹരിക്കുന്നതിനുവേണ്ടി ദീർഘകാല കാഴ്ചപ്പാടോടുകൂടിയാണ് "സമഗ്ര ഗുണമേന്മ വിദ്യാലയ വികസന പദ്ധതി രൂപരേഖ" തയ്യാറാക്കിയിരിക്കുന്നത്. അക്കാദമിക മികവാണ് വിദ്യാലയത്തിന്റെ മികവ് എന്ന ആശയത്തിലൂന്നി വിദ്യാലയത്തിന്റെ വികസനത്തിലേക്ക് നയിക്കുന്ന തരത്തിൽ ഭൗതികവും അക്കാദമികവും സാംസ്കാരികവുമായ മേഖലകളിലെ വികസനം സാധ്യമാകുന്നതിനു സഹായകമായ കർമ്മപദ്ധതികൾ ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

പൊതു വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളായി മാറുകയും അന്താരാഷ്ട്ര തല

ത്തിൽ ശ്രദ്ധിക്കപ്പെടുകയും പ്രകാശ്യമാക്കുക വഴി ആദർശങ്ങളും നന്മകളും നിറഞ്ഞ സമൂഹത്തെ നേടിയെടുക്കാൻ നമുക്ക് കഴിയും സാധാരണ ജനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുകയും വികസനം പ്രാവർത്തികമാക്കുകയും പരിസ്ഥിതിയെ സംരക്ഷിക്കുകയും ചെയ്യുന്ന പുതുതലമുറ രാജ്യത്തിന് മുതൽക്കൂട്ടാണ്.

സൈദ്ധാന്തികമായ വെളിപാടല്ല പ്രായോഗികമായ ഇടപെടലുകളാണ് നമുക്ക് വേണ്ടത്. തൊഴിലധിഷ്ഠിതമായ ഒരു വിദ്യാഭ്യാസ സമ്പ്രദായം നടപ്പിലാക്കുന്നതു വഴി ജനങ്ങളുടെ ജീവിത വിജയത്തിലേ പടങ്ങളുമായി ബന്ധപ്പെടുത്താൻ കഴിയും

അധ്യാപകർ, രക്ഷിതാക്കൾ, പൂർവ്വ വിദ്യാർത്ഥികൾ, സാമൂഹിക - രാഷ്ട്രീയ -

സാംസ്കാരിക - സന്നദ്ധ സംഘടനാ പ്രവർത്തകർ - വിവിധ സർക്കാർ - സർക്കാരിതര ഏജൻസികൾ - സ്ഥാപനങ്ങൾ എന്നിവരുടെ കൂട്ടായ്മയിലൂടെയും സഹായ സഹകരണത്തോടെയും ആവിഷ്കരിച്ച് നടപ്പിലാക്കാൻ കഴിയുന്ന തരത്തിൽ അഞ്ചുവർഷം കൊണ്ട് പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന കർമ്മപദ്ധതികളാണ് അക്കാദമിക മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തേണ്ടത്.

# വിദ്യാലയ ചരിത്രം

സാംസ്കാരിക തലസ്ഥാനമായ തൃശ്ശൂരിന് തിലകക്കുറി ചാർത്തി കൊണ്ട് തൃശ്ശൂർ പട്ടണത്തിൽ നിന്ന് ഏകദേശം 4 കിലോമീറ്റർ വടക്ക് മാറി തൃശ്ശൂർ ഷൊർണൂർ സംസ്ഥാന പാതയുടെ ഇരുവശങ്ങളിലും പ്രകൃതി സൗന്ദര്യത്താൽ വളരെയധികം അനുഗ്രഹീതമായി കിടക്കുന്ന ഒരു കൊച്ചു ഗ്രാമമാണ് വിയ്യൂർ. നഗരവൽക്കരണത്തിന്റെ ഭാഗമായി വിയ്യൂരിനും ധാരാളം മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. തൃശ്ശൂർ കോർപ്പറേഷൻ രൂപീകരണ വേളയിൽ കോർപ്പറേഷന്റെ ഭാഗമായ ഈ ഗ്രാമത്തിൽ ഇപ്പോൾ 3, 4, 5 ഡിവിഷനുകൾ ഉൾപ്പെട്ടിരിക്കുന്നു.

ഭൂമിശാസ്ത്രപരമായി താഴ്ന്നും ഉയർന്നും കിടക്കുന്ന ഈ ഗ്രാമത്തിന്റെ ഭൂരിഭാഗം സ്ഥലവും സർക്കാറിന്റെ

അധീനതയിലാണ്. തൃശൂർ ജില്ലയിൽ തന്നെ സർക്കാർ വക ഭൂമി ഏറ്റവും കൂടുതലുള്ള വില്ലേജും, വിയ്യൂർ വില്ലേജാണ്. ഒരു പക്ഷേ ജില്ലയിൽ ഏറ്റവും കൂടുതൽ വിദ്യാഭ്യാസസ്ഥാപനങ്ങൾ ഉള്ള വില്ലേജും വിയ്യൂർ വില്ലേജായിരിക്കാം.

തെക്ക് വിയ്യൂർ പാലം മുതൽ പാടൂക്കാട് പടിഞ്ഞാറ് റെയിൽപ്പാതയും വിയ്യൂർ പാടവും രാമവർമപുരം, ചേറൂർ ഉദുവന്നൂർ തേനംക്കാട്, പാടൂക്കാട്, പാണ്ടിക്കാവ്, പ്രദേശങ്ങളും ചേർന്നതാണ് ഇന്നത്തെ വിയ്യൂർ വില്ലേജ്.

കിഴക്കൻ മലക്കാടുകൾ വടക്കുന്നാഥന്റെ കാർക്കൂന്തലായി തേക്കിൻകാട് വരെ നീണ്ടുകിടന്നിരുന്ന കാലത്ത് അഞ്ച് കിലോമീറ്റർ വടക്കോട്ട് മാറി തൃശൂരിന്റെ തിലകക്കുറിയായിരുന്ന വിയ്യൂർ ഗ്രാമത്തിൽ പഴമയുടെ പ്രതീകമായി

നിലകൊള്ളുന്ന മണലാറുകാവ് ക്ഷേത്ര മൈതാനത്തോട് ചേർന്ന് സെന്റ് ഫ്രാൻസിസ് എൽ. പി. സ്കൂൾ സ്ഥിതി ചെയ്യുന്നു. മലയാളവർഷം 1094 ൽ ചേരൂർ വിജയപുരം സെന്റ് സേവിയേഴ്സ് ദേവാലയത്തിന്റെ മാനേജ്മെന്റിൽ ശ്രീ. കൊള്ളന്നൂർ കൊട്ടേക്കാടൻ കൊച്ചാപ്പു മാസ്റ്ററുടെ പടിപ്പുരയിൽ 2 ക്ലാസ്സുകളോടെയാണ് വിഷ്ഠർ സ്കൂൾ ആരംഭിച്ചത്. തുടർന്ന് സ്കൂൾ ഒരു സ്വകാര്യ വ്യക്തിക്ക് കൈമാറുകയുണ്ടായി. 1113 ൽ ഒന്ന്, രണ്ട്, മൂന്ന് ക്ലാസ്സുകളും നാല് അധ്യാപകരുമായി പ്രവർത്തനം തുടർന്നു. 1116 ൽ മൂന്നാം ക്ലാസ്സുവരെ ഡിവിഷനുകളാണ് ഉണ്ടായിരുന്നത്. 1116 ലെ കൊടുങ്കാറ്റിൽ സ്കൂൾ ഷെഡ് നിലം പതിച്ചു. തുടർന്ന് പല സ്വകാര്യ വ്യക്തികളുടെ സഹകരണത്തോടെ സ്കൂൾ നടത്തിക്കൊണ്ടുപോകാൻ കഴിഞ്ഞു.

പിന്നീട് അധ്യാപകർ ചേർന്ന് ഇപ്പോൾ സ്കൂൾ സ്ഥിതി ചെയ്യുന്ന സ്ഥലം വിലയ്ക്ക് വാങ്ങുകയും സ്റ്റാഫ് മാനേജ്മെന്റ്

സ്കൂൾ ആയി പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

1119 ൽ നാലാം ക്ലാസും, എ.ഡി 1950 ൽ അഞ്ചാം ക്ലാസും ആരംഭിച്ചു.

1993-94 വർഷത്തെ ഈസ്റ്റ് ഉപജില്ലയിലെ ഏറ്റവും നല്ല എൽ.പി സ്കൂളായി തെരഞ്ഞെടുത്തു.

1995 പ്ലാറ്റിനം ജൂബിലി വർഷത്തിൽ കിഴക്ക് വശത്തുള്ള ഹാൾ ഉയർത്തി പണിത് പഠനത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി എൻഡോവ്മെന്റുകൾ ഏർപ്പെടുത്തി 1996-1997 അധ്യയന വർഷത്തിൽ ഏറ്റവും നല്ല അധ്യാപകനുള്ള സംസ്ഥാന അവാർഡിനർഹനായത് ഈ വിദ്യാലയത്തിലെ ഹെഡ്മാസ്റ്ററായ ആന്റോ മാസ്റ്റർക്കാണ്. 1998-99 വർഷത്തിൽ വിദ്യാലയത്തിലെ ക്ലാസ് മുറികൾ ഗ്രില്ലിട്ട് അടച്ചുറപ്പുള്ളതാക്കി വയറിങ് ചെയ്ത് ഫാനും ലൈറ്റും ഇട്ടു.

ഇവിടെ സഹിഷ്ണുതയും സാഹോദര്യവും ധാർമിക മൂല്യങ്ങളും പരസ്പരം

അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യുന്നു

2005 ൽ പടിഞ്ഞാറ് ഭാഗത്തുള്ള ഹാൾ പൊളിച്ച് രണ്ട് നില കോൺക്രീറ്റ് കെട്ടിടമാക്കി പുതുക്കി പണിതു. 2010- 2011 വിദ്യാലയത്തിന്റെ നവതി ആഘോഷങ്ങൾ നടത്തുകയുണ്ടായി. ഈ വിദ്യാലയം സ്ഥിതിചെയ്യുന്ന 4,5,6 ഡിവിഷൻ കൗൺസിലർമാർ, സാമൂഹിക സാംസ്കാരിക, രംഗങ്ങളിൽ ശോഭിക്കുന്ന നിരവധി വ്യക്തികൾ ഈ വിദ്യാലയത്തിലെ പൂർവ്വ വിദ്യാർത്ഥികളാണ്.

# നിലവിലെ അവസ്ഥാ വിശകലനം

ഭൗതികം:- നേട്ടങ്ങൾ

2005 ൽ 2 നിലയിലായി നാല് ക്ലാസ്സ്മുറികൾ പണികഴിപ്പിച്ചിട്ടുണ്ട്. എല്ലാ ക്ലാസ്സിലും ഫാനും ലൈറ്റും സ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ട്. നിലവിലുണ്ടായിരുന്ന ഷീറ്റ് കേടായതിനാൽ പുതിയ ഷീറ്റ് ക്ലാസ്സ്മുറികളിൽ ക്രമീകരിക്കാൻ SSA യുടെ സഹായത്തോടെ നടപ്പാക്കാൻ കഴിഞ്ഞു. പ്രവർത്തിക്കാൻ സാധിക്കുന്ന മൂന്ന് കമ്പ്യൂട്ടർ വിദ്യാലയത്തിനുണ്ട്. SSA യുടെ സഹായത്തോടെ ഇന്റർനെറ്റ് സൗകര്യം സ്കൂളിൽ ലഭ്യമായിട്ടുണ്ട്.

ഭൗതികം - പരിമിതികൾ

ഓഫീസ്, സ്റ്റാഫ് റൂം എന്നിവയുടെ അപര്യാപ്തത, സ്മാർട്ട് ക്ലാസ്സ് റൂം, ടൈൽ പാകിയ ക്ലാസ്സ് മുറികൾ, സ്കൂൾ മുറ്റം ടൈൽ വിരിച്ച് ഭംഗിയാക്കൽ, ബയോ ഗ്യാസ് പ്ലാന്റ്, ഭോജനശാല, ഓപ്പൺ എയർ സ്റ്റേജ്, ജൈവ വൈവിധ്യ പാർക്ക് എന്നിവ നിർമിക്കേണ്ടതുണ്ട്. കിഡ്സ് പാർക്ക് നിർമിക്കണം

അക്കാദമികം . നേട്ടങ്ങൾ

വിവിധ മത്സര പരീക്ഷകളിൽ കുട്ടികൾ മികവാർന്ന നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. കലാകായിക പ്രവൃത്തി പരിചയ മേളകളിൽ പങ്കെടുക്കുകയും സമ്മാനങ്ങൾ കൈവരിക്കുകയും ചെയ്തിട്ടുണ്ട്.

## അക്കാദമികം:- പരിമിതികൾ

നാലാം ക്ലാസുവരെ പഠനം ഉള്ളതിനാൽ മൈനസ്സുകുട്ടികളിലെ ഭാഷാ വിജയശതമാനം ഉയർത്തിക്കാണിക്കാൻ കഴിയില്ല. കലാ കായിക പരിശീലനത്തിന് കഴിവുള്ളവരെ കണ്ടെത്തണം. ഇംഗ്ലീഷ്, പഠനത്തിനായി വിദഗ്ദരുടെ സഹായം ആവശ്യമാണ്.

മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | സ്കൂൾ ലൈബ്രറി ഹാൾ | പിടിഎ ശക്തിപ്പെടുത്തൽ |
| ക്ലാസ് ലൈബ്രറി | ചിൽഡ്രൻസ് പാർക്ക് | കോർണർ പിടിഎ |
| പത്രവായന | ക്ലാസ് മുറികൾ ടൈൽ പാകൽ | പൂർവ്വവിദ്യാർത്ഥി സംഗമം |
| ഇംഗ്ലീഷ് പഠന പരിപോഷണം | മൾട്ടിമീഡിയ റൂം | അങ്കണവാടി കലോത്സവം |
| ഗണിതശേഷി വികസനം | ഡൈനിംഗ് ഹാൾ | പുസ്തക സമാഹരണം |
| ശാസ്ത്രപോഷണ പരിപാടി. | ഓഫീസ് മുറി | സ്കൂൾ കലണ്ടർ |
| ജൈവവൈവിധ്യ പാർക്ക് | സ്റ്റാഫ് മുറി | സ്കൂൾ പത്രം |
| പഠനയാത്രകൾ | ബയോഗ്യാസ് പ്ലാന്റ് | |
| സ്കൂൾ പത്രം | സ്കൂൾ മുറ്റം ടൈൽ വിരിക്കൽ | |
| ഒന്നാം ക്ലാസ് ഒന്നാന്തരം വായന പരിപോഷണം | ഓപ്പൺ എയർ സ്റ്റേജ്. | |

ഭാഷാവികസനം

വിഷയം - മാതൃഭാഷ

ലക്ഷ്യങ്ങൾ

1. എല്ലാകുട്ടികളും അർത്ഥപൂർണമായി വായിക്കുന്നു എന്നും തെറ്റുകൂടാതെ എഴുതുമെന്നും ഉറപ്പാക്കുക

2. വായനക്കൂട്ടം, എഴുത്തുകൂട്ടം

3 അമ്മ വായന

4 ക്ലാസ്സ് ലൈബ്രറി, സ്കൂൾ ലൈബ്രറി

5. ഗ്രന്ഥശാല അംഗത്വം

6. ക്ലാസ് സഭ, സ്കൂൾസഭ,

7 വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടൽ

8 മലയാളത്തിലെ വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ

9 ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെ എഴുത്തിന്റെയും സാധ്യത കണ്ടെത്തുക

10 ഇൻലന്റ് മാഗസിൻ, ചുമർ മാഗസിൻ,

11 സാഹിത്യകാരൻമാരുമായുള്ള സംവാദം, അഭിമുഖം

12 ഭാഷയുമായി ബന്ധപ്പെട്ട CD, ICT സാധ്യത പ്രയോജനപ്പെടുത്തൽ

13 എഴുത്തിന്റെ വിവിധ തലങ്ങൾ പരിചയപ്പെടുക .

# പ്രവർത്തനങ്ങൾ

| | | കാലാവധി | പിന്തുണ |
|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | • അക്ഷരം ഉറപ്പിക്കൽ<br>• അക്ഷരകാർഡ് നൽകൽ<br>• വാക്കുകൾ എഴുതിയ കാർഡ്<br>• വാക്കുകൾ നിർമിക്കൽ<br>• ചിത്രം - അടിക്കുറിപ്പ്<br>• ചിത്രം - കഥാപാത്രങ്ങൾ<br>• " കഥ എഴുതൽ<br>• കഥ ബാക്കി എഴുതൽ<br>• അക്ഷര ചാർട്ട്<br>• അക്ഷര ചക്രം<br>• കഥ പുസ്തകം നൽകൽ<br>• ചിത്രകഥ പുസ്തകം നൽകൽ<br>• CDയിൽ ഒരു ചിത്രം നൽകി വാക്യങ്ങൾ എഴുതൽ<br>• ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | 6 മാസം | ക്ലാസ് ടീച്ചർ<br>BRC<br>OSA<br>PTA<br>OTA |

| | | | |
|---|---|---|---|
| | | | |
| (വായനക്കൂട്ടം) അർത്ഥപൂർണ്ണമായുള്ള വായന | അസംബ്ലി - പുസ്തക പരിചയം<br>ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>വായന മൂല<br>ക്ലാസ് ലൈബ്രറി രൂപീകരിക്കൽ<br>സ്കൂൾ ലൈബ്രറി വിപുലമാക്കൽ<br>ഗ്രന്ഥശാല അംഗത്വമെടുക്കൽ<br>വായനോത്സവം സംഘടിപ്പിക്കൽ<br>പത്ര വായന<br>പത്ര ക്വിസ്<br>അമ്മ വായന<br>പുസ്തക ചർച്ച<br>വായനാനുഭവം പങ്കുവെക്കൽ<br>വായനക്കുറിപ്പ്, പതിപ്പ് തയ്യാറാക്കൽ<br>ദിനാചരണങ്ങൾ<br>ആകാശവാണി<br>കുട്ടികളുടെ രംഗവേദികൾ | | |

മികച്ച എഴുത്തുകാരനാക്കാം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | പിന്തുണ. |
|---|---|---|---|
| എഴുത്തുകൂട്ടം | വായനക്കുറിപ്പ്, ആസ്വാദനക്കുറിപ്പ് എന്നിവയുടെ പതിപ്പ് തയ്യാറാക്കൽ വിവിധ സാഹിത്യകാരന്മാരെ പരിചയപ്പെടൽ, ചുമർ പത്രിക കഥ, കവിത (പതിപ്പ്) പ്രശസ്തരചന സാഹിത്യകാരന്മാരുമായുള്ള അഭിമുഖം, സംവാദം, ചിത്രശാല തയ്യാറാക്കൽ, ജീവചരിത്ര CD പ്രദർശനം, കവികൾ, കഥാകൃത്ത്, എന്നിവരുടെ CD പ്രദർശനം സാഹിത്യ അക്കാദമി പഠനയാത്ര സാഹിത്യരചന ബാലസഭയിൽ അവതരണം. | 1 വർഷം | ക്ലാസ്സ് ടീച്ചർ<br>OSA<br>OTA.<br>ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് |

| | | | | |
|---|---|---|---|---|
| ക്ലാസ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി | കുട്ടികളിൽ നിന്നും പിറന്നാൾ പുസ്തകം, വായിച്ചു കഴിഞ്ഞ പുസ്തകങ്ങൾ വീടുകളിൽ നിന്നും ശേഖരിക്കൽ, തൈമതിരികൾ, പത്രങ്ങൾ മാസികകൾ എന്നിവ സ്പോൺസർഷിപ്പിലൂടെ ശേഖരിക്കുന്നു. പുസ്തകവിതരണ രജിസ്റ്റർ | 1 വർഷം | | ക്ലാസ് ടീച്ചർ<br>OSA.<br>PTA. |
| പ്രാദേശിക ലൈബ്രറി സന്ദർശനം. | പ്രാദേശിക ലൈബ്രറി അംഗത്വം നേടൽ, സന്ദർശനം, ലൈബ്രേറിയനോട് സംവാദം പിടിഎ, എം പി.ടി.എ യുടെ സഹകരണത്തോടെ ലൈബ്രറി സന്ദർശനം, കാറ്റലോഗിനെ കുറിച്ച് അറിയാം. അമ്മ വായനക്കായി പുസ്തകങ്ങൾ പ്രാദേശിക ലൈബ്രറിയിൽ നിന്നും ലഭ്യമാക്കാം. | ദീർഘകാലം | പ്രാദേശിക ലൈബ്രറി. | ക്ലാസ് ടീച്ചർ<br>പി.ടി.എ<br>എം.പി.ടി.എ<br>ഒ.എസ്.എ |

| ഉദ്ദേശ്യം | പ്രവർത്തനങ്ങൾ | കാലം | ഫണ്ട് | പിന്തുണ |
|---|---|---|---|---|
| ചിത്രവായന | ചിത്രങ്ങൾ ഉദ്ദേശ്യമാക്കൽ, ചിത്രക്കുറിപ്പ് വാർത്ത തയ്യാറാക്കൽ ചിത്രം തയ്യാറാക്കൽ പുതിയ അറിവ് കണ്ടെത്തൽ, വായന, പെയിന്റ്, ചിത്രം പ്രകാശനം | 1 വർഷം | | ക്ലാസ് അധ്യാപകർ<br>ഗ്രോതൻ സർവ്വീസ്<br>SSA<br>PTA |
| അമ്മ വായന | വായനക്കുറി, പുസ്തകം തെരഞ്ഞെടുക്കൽ അവസരം അസംബ്ലിയിൽ ഞാൻ വായിച്ച പുസ്തകം പരിചയപ്പെടുത്തൽ, വായനക്കുറിപ്പ് തയ്യാറാക്കൽ, മികച്ചവ കണ്ടെത്തൽ പ്രോത്സാഹിപ്പിക്കൽ, അമ്മ സാഹിത്യസമാജം രൂപീകരിക്കൽ, രചനകൾ പ്രദർശിപ്പിക്കൽ, ശില്പശാല. | 1 വർഷം | ക്ലബ്ബ് ലൈബ്രറി പ്രോജക്ട് ഗ്രന്ഥശാല | PTA<br>MPTA |

| ഉദ്ദേശ്യം | പ്രവർത്തനങ്ങൾ | | | |
|---|---|---|---|---|
| ഇൻലൻഡ് മാ<br>ഗസിൻ | ഓരോ ക്ലാസിലെ<br>യും വിദ്യാർത്ഥി<br>കൾ ഇൻലൻഡ്<br>മാഗസിൻ തയ്യാ<br>റാക്കുന്നു, സർ<br>ഗസൃഷ്ടികൾ ശേ<br>ഖരിക്കുന്നു. തെര<br>ഞ്ഞെടുത്തവ ഉൾക്കൊ<br>ള്ളിച്ചുകൊണ്ട്<br>തയ്യാറാക്കുന്നു-<br>പ്രവർത്തനങ്ങൾ,<br>വായനക്കുറിപ്പുകൾ<br>എന്നിവ ഇതിൽ<br>ചേർക്കാം | | | ക്ലാസ് ടീച്ചർ |
| | | | | |

ഗണിത സമീപനം

## ലക്ഷ്യങ്ങൾ

- എല്ലാകുട്ടികളും ഗണിത പ്രവർത്തനങ്ങൾ അനായാസമായി ചെയ്യുക.
- ഗണിതപരമായ വായനക്ക് പ്രോത്സാഹിപ്പിക്കുക
- സെമിനാറുകൾ, കലാപരിപാടികൾ എന്നിവ ക്ലബ്ബ് സമയത്ത് നടത്തുക.
- ഗണിതം ആസ്വദിക്കാൻ പ്രോത്സാഹിപ്പിക്കുക
- ഗണിതാശയം വിശദീകരിക്കാൻ ഗണിതഭാഷ ഉപയോഗിക്കുവാൻ കുട്ടിക്ക് കഴിവുണ്ടാക്കുക.
- സമയം, കലണ്ടർ എന്നിവ നോക്കുന്നതിനും അതനുസരിച്ച് പ്രവർത്തനങ്ങൾ ക്രമപ്പെടുത്തുന്നതിനും കഴിവുണ്ടാക്കുക.
- ദിനാചരണങ്ങൾ ആഘോഷിക്കൽ
- കളികളിൽ ഏർപ്പെടൽ
- മാഗസിൻ തയ്യാറാക്കൽ.

## പ്രവർത്തനങ്ങൾ

- പ്രീ ടെസ്റ്റ് നടത്തുന്നു. പിന്നോക്കം നിൽക്കുന്നവരെ കണ്ടെത്തുന്നു.
- S.R.G യിൽ ചർച്ച ചെയ്ത് പ്രവർത്തന രേഖകൾ നിശ്ചയിച്ചു.
- പരിഹാര പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് പ്രവർത്തന കലണ്ടർ തയ്യാറാക്കി.

- പ്രവർത്തന പുരോഗതി എസ്. ആർ. ജി യിൽ വിലയിരുത്തി. പി. ടി. എ യോഗത്തിൽ വിലയിരുത്തൽ പങ്കുവെച്ചു.
- അഭ്യാസങ്ങൾ പരിചയപ്പെടുത്തൽ
- ഉപകരണങ്ങൾ നിർമ്മിക്കൽ
- ചില്ലറ ഉപകരണ- കാന്തികൾ വ്യത്യസ്ത രീതിയിൽ മാറിയത് പരിചയപ്പെടുന്നു.
- ക്ലാസിലെ പല സാധനങ്ങളുടെ ഭാരം താരതമ്യം ചെയ്യൽ
- വരച്ച് യോജിപ്പിക്കൽ
വാഹനങ്ങളുടെ ഭാഗങ്ങൾ വരച്ച് യോജിപ്പിക്കുന്നു.
- വ്യാഖ്യാനിക്കൽ
ഗണനത്തിന്റെ ആശയം ഉപയോഗിച്ച് സംഖ്യകളെ വ്യാഖ്യാനിക്കുന്നു.
- അപഗ്രഥിക്കൽ
പലതരം പ്രായോഗിക പ്രശ്നങ്ങൾ അപഗ്രഥിക്കുന്നു.
- രൂപങ്ങൾ വരക്കൽ
രൂപങ്ങൾ ഭംഗിയോടും കൃത്യതയോടെയും വരച്ച് നിറം നൽകുന്നു.
- രൂപങ്ങൾ ഉണ്ടാക്കാം
വെട്ടിയെടുത്ത രൂപങ്ങൾ കൊണ്ട് രൂപങ്ങൾ ഉണ്ടാക്കുന്നു.
- അളവ് കണ്ടെത്തൽ
പാൽ, എണ്ണ എന്നിങ്ങനെ ദ്രാവക രൂപത്തിലുള്ളതും, നീളം എന്നിവയുടെയും അളവ് ഉറപ്പിക്കുന്നു. അളക്കുന്നു.
- ഗണിത പുസ്തക വായന നടത്തുന്നു.
- ഗണിത ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുത്തുന്നു. കുറിപ്പ് തയ്യാറാക്കുന്നു.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | പിന്തുണ |
|---|---|---|---|
| അടിസ്ഥാന ഗണിത ശേഷികൾ ഉറപ്പാക്കുക | ഞാനൊക്കെ ചേർന്നാൽ 100. പിറന്നാൾ ആഘോഷത്തിന്റെ ചിലവ് കായിക മേളയിൽ പങ്കെടുത്തവർ, പഠനസഹായ നിധി, ബാങ്ക് കളി, ഭൂതങ്ങളുടെ പ്രയാണം, എലിയും പക്ഷിയും, നായ്ക്കുട്ടികളും നാരങ്ങകളും സൈന്യ കളി, നമ്പർ കളി, ഞങ്ങൾ എത്ര പേർ?, വിളവെടുപ്പ്, ചന്തമുള്ള ഗണനം, ഉച്ചഭക്ഷണ പരിപാടി, സംഖ്യാമാല മാന്ത്രിക ചതുരം, സംഖ്യാചക്രം, ബോൾ പാസിങ്, പക്ഷിയെ സഹായിക്കാമോ! പെട്ടൽ കളി, പിരമിഡ് പൂർത്തിയാക്കാം, ബക്കറ്റ് ബോൾ, ബോർഡിങ് ഗെയിം, നക്ഷത്ര കളി | എല്ലാ മാസവും | ക്ലാസ് ടീച്ചർ<br>B.R.C<br>O.S.A<br>P.T.A<br>O T A |
| ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക | പുസ്തക നമ്പർ കണ്ടെത്താം, തൈകൾ നടാം സംഖ്യകൾ എത്ര? ദിവസങ്ങൾ എത്ര? നോട്ടുകളും നാണയങ്ങളും, വലിയ കൂട്ടം, ചെറുതോ വലുതോ | | ക്ലാസ് ടീച്ചർ<br>O.S.A. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | പിന്തുണ |
|---|---|---|---|
| | നമ്പർ നൽകാം, ബാ<br>ഗിന്റെ വില, ആരു<br>എന്തെ പേര്, ആരു<br>ടെ ജന്മദിവസം,<br>സ്വയമെന്തേ? സ്വയം<br>എഴുതാമോ? ഓട്ട<br>മത്സരം, സ്കോറുകൾ<br>വാർപ്പിക്കാം, മുല്ലപ്പൂ<br>വാങ്ങൽ, ഉപ്പിക്കാ<br>അളക്കാം, കുന്നി<br>പ്പോം എന്തേ? പാ<br>ലിന്റെ അളവ്, സ<br>മ്പി നിറക്കാം, പന്തു<br>ത്തൽ, വേലിയുടെ<br>നീളം, മൈതാനത്തി<br>ന്റെ ചുറ്റളവ്, കലണ്ടർ<br>നോക്കാം, ദിവസ<br>ങ്ങളെ എണ്ണൽ, അ<br>വധി ദിവസം എണ്ണ<br>ൽ, 100 രൂപ<br>വ്യത്യസ്ത രീതിയിൽ,<br>എന്തെ വശങ്ങൾ. | ദീർഘകാ<br>ലം. | ക്ലാസ് ടീച്ചർ |
| ഓരോ പ്ര<br>ദേശത്തെ<br>യും തനത്<br>ഗണിതരീതി<br>കളെ പരി<br>ചയപ്പെടു<br>ത്തുക. | ഇഷ്ടിക അടുക്കാം<br>അലങ്കരിക്കാം<br>പറയാത്ര<br>കാവടി ഉണ്ടാക്കാം<br>തെങ്ങിൻ തൈ ന<br>ടാം<br>നെൽ കൃഷി<br>കളും നിർമ്മിക്കൽ<br>കളിപ്പാട്ടം നിർമ്മി<br>ക്കൽ<br>മൺപാത്ര നിർ<br>മ്മാണം<br>തുന്നൽ ജോലികൾ<br>തോണിയുണ്ടാക്കാം. | 6 മാസം<br><br>3 മാസം | O.S.A.<br>P.T.A.<br>O.T.A |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | പിന്തുണ |
| --- | --- | --- | --- |
| കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്ന് ഉറപ്പ് വരുത്തുക. | പൂന്തോട്ടം (ചിത്ര ഗണിതം) കാർഡ് വലിക്കൂ സംഖ്യകളുണ്ടാക്കൂ (സംഖ്യാ ബോധം) ലൈറ്റ് കത്തെലി (വാലു നീട്ടാം) ക്രമപ്പെടുത്താം (കാർഡ്) അക്കച്ചിലന്തി, സംഖ്യയെക്കുറിച്ച് പറയാം ഞാനാരെന്ന് പറയാമോ?. സംഖ്യാ വെട്ട് കളി, സംഖ്യാ പാറ്റേൺ, രൂപങ്ങൾകൊണ്ട് ചിത്രം, പാട്ട് ഉത്സവം, പാചക ച്ചുര കെട്ടാം, കടലാസ് പക്ഷി, കൊലാഷ്, കൊലാഷാന്ന്, വിമാനം ഉണ്ടാക്കൽ എന്നിവ. | ദീർഘകാലം<br>2 വർഷം | ക്ലാസ് ടീച്ചർ<br>O.S.A<br>P.T.A.<br>O.S.A. |
| ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകൾ ഗണിതപഠനത്തിന് ഉപയോഗിക്കുക. | ഗണിത രൂപങ്ങൾ വരക്കാം, ത്രിമാന രൂപങ്ങൾ ഉണ്ടാക്കാം, ചതുരം, ത്രികോണം ഇവ ഉപയോഗിച്ച് ചിത്രങ്ങൾ, ടാൻഗ്രാം വരക്കൽ, ടാൻഗ്രാം കൊണ്ട് രൂപങ്ങൾ സമയം ക്രമീകരിക്കൽ, പലതരം കളികൾ. | ദീർഘകാലം | ക്ലാസ് ടീച്ചർ.<br>P.T.A. |

ശാസ്ത്ര- സമീപനം .

<u>ലക്ഷ്യങ്ങൾ</u> .

ശാസ്ത്രപഠനത്തിൽ താല്പര്യം വളർത്തുക .

ശാസ്ത്രീയ മനോഭാവം വികസിപ്പിക്കുക .

ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാൻ ഒരുക്കുക .

ശാസ്ത്ര പ്രക്രിയ ശേഷികൾ വികസിപ്പിക്കുക .

ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക .

ആധുനിക സങ്കേതങ്ങളോടുകൂടിയ ലാബ് സജ്ജമാക്കുക .

ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ കുട്ടികളെ പരിചയപ്പെടുത്തുക .

ആധുനിക ശാസ്ത്രസാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി പ്രവർത്തനങ്ങൾ .

---

പിന്നോക്കം നിൽക്കുന്നവരെ കണ്ടെത്തുന്നു .

S.R.G യിൽ ചർച്ച ചെയ്ത പ്രവർത്തന മേഖലകൾ നിശ്ചയിച്ചു .

പരിഹാര പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് പ്രവർത്തനകലണ്ടർ തയ്യാറാക്കി.

പരിസര നടത്തം നടത്തുന്നു . ജീവികളുടെ വാസസ്ഥല നിരീക്ഷണം - കുളം, വയൽ

വനം, ഉദ്യാനം, പാടം പൊതുസ്വഭാവം പട്ടികപ്പെ

ജീവനുള്ളവയുടെ സവിശേഷതകൾ .

വിത്തും വളവും -

ഔഷധത്തോട്ടനിർമ്മാണം .

പച്ചക്കറിത്തോട്ടനിർമ്മാണം .

ശലഭോദ്യാനം - പക്ഷികളും പരിസ്ഥിതിയും

ചിത്രശേഖരണങ്ങൾ - സസ്യങ്ങൾ - പക്ഷികൾ .

മഴക്കലണ്ടർ നിർമ്മാണം .

വേനൽപ്പാടത്തിൽ മീനെക്കുറിച്ച് തയ്യാറാക്കുക .

വനങ്ങൾ - കാവുകൾ എന്നിവയുടെ സ്വാഭാവിക

നിലനിൽപ്പ് പക്ഷികൾ - ആവാസവ്യവസ്ഥ

കൂടുകൾ - ആഹാരസമ്പാദനരീതി .

വാഹനങ്ങൾ അന്നും - ഇന്നും .

വാർത്താവിനിമയ സംവിധാനങ്ങൾ.

പച്ചക്കറികളിലെ വിഷവിമുക്തം കുറയ്ക്കാൻ

ത്രിമ ഉപഗ്രഹങ്ങൾ അവയുടെ പ്രയോജനങ്ങൾ.

മണ്ണിനങ്ങളുടെ പ്രത്യേകതകൾ.

മണ്ണ് മലിനീകരണം ഒഴിവാക്കാനുള്ള മാർഗങ്ങൾ

പൊതുസ്ഥാപനങ്ങളും സേവനങ്ങളും

ശുചിത്വം - വീട്ടിലും വിദ്യാലയത്തിലും.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | പിന്തുണ |
|---|---|---|---|
| ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക | പരിസരനടത്തം. ഐ.സി.ടി. ചിത്രങ്ങൾ. പത്രവാർത്തകൾ. ജീവികളുടെ വാസസ്ഥലനിരീക്ഷണം (കുളം, വയൽ). പക്ഷികൾ - സഞ്ചരിക്കാൻ ഇരപിടിക്കാം. ഖരം, ദ്രാവകം, വാതകം പൊതുസ്വഭാവം പട്ടികപ്പെടുത്തൽ. ജീവനുള്ളവയുടെ സവിശേഷതകൾ. വീടുപണിയാൻ ആവശ്യമായ. ആഹാരത്തിനുപയോഗിക്കുന്ന സസ്യഭാഗങ്ങൾ. വിത്തും വളവും. വരൾച്ചയിൽനിന്ന് ഞാറിനെ രക്ഷിക്കാം. | | |
| ശാസ്ത്രീയമനോഭാവം വികസിപ്പിക്കാം. | ഔഷധത്തോട്ടനിർമ്മാണം. പൂന്തോട്ടനിർമ്മാണം. വിത്തുമുളയ്ക്കൽ - പ്രോജക്ട്. പക്ഷികളും പരിസ്ഥിതിയും. പരിശോധനങ്ങൾ - സസ്യങ്ങൾ - പക്ഷികൾ. | | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | | |
|---|---|---|---|
| ശാസ്ത്രീയ പ്രക്രിയാ ശേഷി വികസിപ്പിക്കുക. | ഉത്സവകലണ്ടർ<br>ഉദ്യാനനിർമ്മാണം<br>കലണ്ടർ - വെളുത്തവാവ് - കറുത്തവാവ്.<br>വ്യാപനം - പരീക്ഷണം.<br>ജലചക്രം.<br>പോസ്റ്റർ തയ്യാറാക്കാം (മഴ)<br>മഴക്കാലത്ത് ചില മുൻകരുതലുകൾ.<br>മണ്ണുകളുടെ പ്രത്യേകതകൾ<br>പട്ടിക - രൂപീകരിക്കാം<br>പച്ചക്കറികളിലെ വിഷവീര്യം കുറയ്ക്കാൻ | | |
| ആധുനികശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക | ലഘുപരീക്ഷണങ്ങൾ<br>കൃഷിക്ക് ഉപകരണങ്ങൾ<br>അവയുടെ പ്രയോജനങ്ങൾ | | |
| ശാസ്ത്രരംഗത്തെ നൂതന ആശയങ്ങളെ പറ്റി ചർച്ചചെയ്യുക | വാർത്താവിനിമയ രീതി ചരിത്രം - ഉപകരണങ്ങളും ഉപാധികളും. | | |

| ഉദ്ദേശ്യം | പ്രവർത്തനങ്ങൾ | കാലം | വിലയിരുത്തൽ |
|---|---|---|---|
| | വാർത്താവിനിമയ വളർച്ചയുടെ നാഴികക്കല്ലുകൾ.<br>പിന്നെയും പിന്നെയും.<br>കാലാവസ്ഥ പ്രവചനം - തത്സമയ സംപ്രേഷണം. മുന്നറിയിപ്പുകൾ.<br>ഓൺലൈൻ പണമിടപാട് - ബാങ്കിങ്. | | |
| ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നു. | Google ഉപയോഗിച്ച് സ്വന്തം വീട് കമ്പ്യൂട്ടറിൽ കാണിക്കുന്നു.<br>ക്ലാസ്സിൽ പഠനം - ICT. സാധ്യത- | | |

# English Project

## ഉദ്ദേശ്യങ്ങൾ

* ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യുവാൻ സാധിക്കുക.
* കുട്ടികൾക്ക് ഇംഗ്ലീഷിനോടുള്ള ഭയം മാറ്റുക.
* ഭാവനാപരവും യുക്തിപരവുമായ ചിന്തകൾ വികസിപ്പിക്കുക.
* പാഠപുസ്തകങ്ങൾക്ക് അപ്പുറത്തേക്കുള്ള പഠനാന്തരീക്ഷം ഒരുക്കുക.
* ഇംഗ്ലീഷ് റേഡിയോ വീഡിയോ കേൾക്കുന്നതിനും കാണുന്നതിനും അവസരം ഒരുക്കുക.
* കുട്ടികൾക്ക് ഇംഗ്ലീഷിൽ സർഗാത്മക രചനകൾക്കുള്ള അവസരം ഒരുക്കുക

## ലക്ഷ്യങ്ങൾ

* കുട്ടികൾക്ക് ഇംഗ്ലീഷ് ഭാഷ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് പ്രാപ്തരാക്കുക.

2 ഇംഗ്ലീഷിലൂടെ ആവിഷ്കാരങ്ങൾക്ക് സന്ദർഭമൊരുക്കുക

3 സ്വതന്ത്രവായനക്ക് സജ്ജരാക്കുക.

4 സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കുക.

5 സാങ്കേതിക വിദ്യകൾ സാധ്യമാക്കുക.

6 നാടകീകരണം

7 കവിതാലാപനം

8 സംവാദ സദസ്സുകൾ

പ്രവർത്തനങ്ങൾ:-

* ഇംഗ്ലീഷ് അക്ഷരങ്ങൾ ഉറപ്പിക്കുന്നതിന്
അക്ഷരച്ചിത്രങ്ങൾ, അക്ഷരകാർഡുകൾ ഉപയോഗിച്ച് ഇംഗ്ലീഷ് അക്ഷരങ്ങൾ ഉറപ്പിക്കുന്നു.
* സ്പോക്കൺ ഇംഗ്ലീഷ്
സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സുകൾ, വീഡിയോ ക്ലിപ്പുകൾ കാണൽ, കേൾക്കൽ, പറയൽ
* ഇംഗ്ലീഷ് റൈംസ്
ഓഡിയോ വീഡിയോ കേൾക്കൽ, കാണൽ, ചൊല്ലൽ
* ഇംഗ്ലീഷ് കഥകൾ
ഇംഗ്ലീഷ് കഥകൾ കേൾക്കൽ, പറയൽ, ചിത്രകഥാ വായന, കഥ പൂർത്തിയാക്കൽ, കഥാ രചനകൾ പതിപ്പുകൾ തയ്യാറാക്കൽ
* പദങ്ങൾ, വാക്യങ്ങൾ പറയുന്നു, എഴുതുന്നു -
അക്ഷരകാർഡിലൂടെ പദങ്ങൾ രൂപീകരിക്കുന്നു →
പദങ്ങളിലൂടെ വാക്യങ്ങൾ രൂപീകരിക്കുന്നു.
സ്വന്തം പേര്, കൂട്ടുകാരുടെ പേര്, വീടും പരിസരവും ബന്ധപ്പെടുത്തി ചെറിയ വാക്യങ്ങൾ പറയുകയും എഴുതുകയും ചെയ്യുന്നു.
* ചിത്രങ്ങൾ വരച്ച് നിറം നൽകൽ
പൂക്കൾ, മരങ്ങൾ, പക്ഷികൾ, പച്ചക്കറികൾ, പഴങ്ങൾ വീടും പരിസരവും, വാഹനങ്ങൾ എന്നിവ വരച്ച് നിറം നൽകുന്നു I.C.T ഉപയോഗപ്പെടുത്തുന്നു.
* ICT സാധ്യതകൾ
കഥകൾ, റൈംസ് കേൾക്കൽ, ചിത്രം വരച്ച് നിറം നൽകൽ, ഇംഗ്ലീഷ് സ്കിറ്റ്, സംഭാഷണം, മൈലിക് സിനിമകൾ, പാഠഭാഗവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ എന്നിവ കാണുന്നു, ഫ്ലോ ചാർട്ട് നിർമ്മാണം

* പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം
* ഭിന്നശേഷിക്കാരെ പരിഗണിക്കൽ
* IED ടീച്ചർമാരുടെ സേവനം
* URC, BRC അധ്യാപകരുടെ പിന്തുണ
* ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യമുള്ളവരുടെ ക്ലാസ്സുകൾ കേൾക്കൽ, അഭിമുഖം എന്നിവയ്ക്ക് അവസരം നൽകൽ
* ഇംഗ്ലീഷ് സാഹിത്യകാരൻമാരെ പരിചയപ്പെടൽ
* വിവിധതരം കളികളിൽ ഏർപ്പെടൽ
  മെമ്മറി ഗെയിം, ലെറ്റർ ഗെയിം, ആൽഫബെറ്റ് ഗെയിം, വെജിറ്റബിൾ ഹണ്ട്, എന്നിവ
  In door games, out door games ന് അവസരമൊരുക്കുന്നു
* നിർമ്മാണം
  വിവിധതരം മാസ്കുകൾ, കടലാസുപട്ടം, വീട്, വണ്ടി, പൂക്കൾ, പക്ഷികൾ, മൃഗങ്ങൾ എന്നിവ

x ലൈബ്രറി

, ക്ലാസ്സ് ലൈബ്രറി, സ്കൂൾ ലൈബ്രറി, പൊതു ലൈബ്രറിയിൽ അംഗത്വം, [illegible] പുസ്തകവിതരണം, പുസ്തകശേഖരണം, വായിച്ച പുസ്തകങ്ങളെക്കുറിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ അവതരിപ്പിക്കൽ

' കവിതകൾ, കഥകൾ, കുറിപ്പുകൾ, വിവരണങ്ങൾ, ലേഖനങ്ങൾ എന്നിവ ബാലസഭയിൽ അവതരണം, സ്കൂളിൽ പ്രദർശനം

, സ്കൂൾ ലൈബ്രറിയിൽ 'അമ്മ വായന'ക്ക് അവസരം നൽകൽ

* ഇംഗ്ലീഷ് ഫെസ്റ്റ്

കുട്ടികളുടെ സർഗാത്മക രചനകൾ, സ്കിറ്റുകൾ, സംഭാഷണങ്ങൾ, മൈമുകൾ, ലഘു പ്രസംഗങ്ങൾ, നാടകങ്ങൾ കവിതകൾ, കഥകൾ എന്നിവയ്ക്ക് അവസരം നൽകുന്നു.

* സ്കൂൾ അസംബ്ലി

സ്കൂൾ അസംബ്ലിയിൽ ഇംഗ്ലീഷ് പ്രാർത്ഥന, പ്രതിജ്ഞ, ഇംഗ്ലീഷ് വാർത്താ വായന, ചിന്താവിഷയം എന്നിവ ഉൾപ്പെടുത്തുന്നു. എല്ലാ കുട്ടികൾക്കും അവതരിപ്പിക്കുവാൻ അവസരം നൽകുന്നു.

* ജൈവ വൈവിധ്യ ഉദ്യാനം

ഔഷധ സസ്യങ്ങളുടെ പേരുകൾ, ഉപയോഗം, അവിടെ വരുന്ന ജീവികൾ പൂമ്പാറ്റ, വണ്ട്, തുമ്പി, ഉറുമ്പുകൾ എന്നിവയുടെ പേര്, മറ്റ് സസ്യങ്ങൾ വാഴ, തുളസി, മുരിങ്ങ, കറിവേപ്പ്, പൂച്ചെടികൾ എന്നിവ തിരിച്ചറിയുന്നു - പേരുകൾ ഇംഗ്ലീഷിൽ പറയുന്നു എഴുതുന്നു -

* ഹലോ ഇംഗ്ലീഷ്

. കുട്ടികളിലെ ഇംഗ്ലീഷ് ഭാഷാ പരിപോഷണത്തിനായി എല്ലാ ക്ലാസ്സുകളിലും കവിതകൾ, കഥകൾ, ചിത്രകഥകൾ എന്നിവ കൂടുതലായി ഉൾപ്പെടുത്തുന്നു.

, ഓഡിയോ വീഡിയോ ക്ലാസ്സുകൾ, സ്പോക്കൺ ഇംഗ്ലീഷ് വിവിധതരം കളികൾ, നിർമ്മാണം, അക്ഷരകാർഡുകൾ, പദകാർഡുകൾ, കാർട്ടൂൺസ്, ഡിക്ഷ്നറി നിർമ്മാണം എന്നിവ നടത്തുന്നു -

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | പിന്തുണ |
|---|---|---|---|
| ① ആശയവിന്യാസങ്ങളോടെ ആശയവിനിമയം നടത്തുന്നതിന് കുട്ടികളെ പ്രാപ്തരാക്കൽ | * സംഭാഷണത്തിൽ ഏർപ്പെടൽ<br>* റേഡിയോ പ്രക്ഷേപണം കേൾക്കൽ<br>* ഇംഗ്ലീഷ് അസംബ്ലി<br>* ഇംഗ്ലീഷ് ഫെസ്റ്റ്<br>* സർഗാത്മക രചനകൾ<br>* ഇംഗ്ലീഷ് ഇന്ററാക്ഷൻസ്<br>* രചനാ ശില്പശാലകൾ<br>* ടീം ആക്ടിവിറ്റി<br>* ഒരുദിവസം ഒരു ഇംഗ്ലീഷ് പദം<br>* ഇംഗ്ലീഷ് ഡയറിക്കുറിപ്പ്<br>* ഇംഗ്ലീഷ് പത്രം വായന<br>* ഇംഗ്ലീഷ് ക്ലാസ്സ് ലൈബ്രറി / സ്കൂൾ ലൈബ്രറി<br>* ഓഡിയോ വീഡിയോ പ്രക്ഷേപണങ്ങൾ<br>* തിയേറ്റർ ഗെയിം<br>* ഇംഗ്ലീഷ് കഥകൾ / കവിതകൾ കേൾക്കൽ - പറയൽ<br>* റോൾ പ്ലേ<br>* പേരുകൾ പറയൽ വസ്തുക്കൾ, പഴങ്ങൾ, പച്ചക്കറികൾ, മൃഗങ്ങൾ സ്ഥലങ്ങൾ എന്നിവ | പ്രതിദിനം | ടീച്ചർ<br>HM<br>ടീച്ചർ<br>URC<br>PTA<br>ടീച്ചർ<br>ലൈബ്രറി<br>CD |
| ② ഇംഗ്ലീഷിലുള്ള ആവിഷ്കാരത്തിന് സന്ദർഭമൊരുക്കുക | * കടംകഥകൾ പറയുന്നു/എഴുതുന്നു<br>* ചിത്രങ്ങൾ വരച്ച് നിറം നൽകൽ<br>* പസിൽസ്<br>* സ്കിറ്റ്<br>* സംഭാഷണങ്ങൾ<br>* റോൾപ്ലേ<br>* തിയേറ്റർ ഗെയിം<br>* വിവിധ കളികൾ | | ടീച്ചർ<br>പൂർവ്വ വിദ്യാർത്ഥികൾ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | പിന്തുണ |
|---|---|---|---|
| | * വഴി കണ്ടുപിടിക്കൽ (നിർദേശങ്ങൾ ആ സ്ഥലത്തേക്ക് എത്തിച്ചേരൽ) | | |
| | * ഗ്രൂപ്പ് ചർച്ചകൾ | | ടീച്ചർ URC |
| | * റൈമിംഗ് | | |
| | * വിരൽ പാവ സംഭാഷണം | | |
| | * ഏകാഭിനയം | | |
| | * കഥ പറയൽ - വീഡിയോ ക്ലിപ്പ് | | |
| | * ചില അടയാള ബോർഡുകൾ | | |
| | * ചിത്രങ്ങൾ ഉള്ള ഡിക്ഷണറി | | പൂർവ്വവിദ്യാർത്ഥികൾ |
| | * നിർമാണം (പട്ടം, തൊപ്പി etc)- | | |
| | x കൊറിയോഗ്രഫി | | |
| (3) സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക | * പദകാർഡ് / ചിത്രകാർഡ് / ചിത്രകഥ / പാഠഭാഗം വായന | ജൂൺ-ജൂലൈ | ടീച്ചർ |
| | * ഗ്രൂപ്പ് വായന / രണ്ട്പേർ ചേർന്ന് വായന | | |
| | * എക്കോ റീഡിംഗ് | | |
| | * ഇംഗ്ലീഷ് ക്ലാസ്സ് ലൈബ്രറി / ക്ലാസ് ലൈബ്രറി | | ലൈബ്രറി |
| | * ലഘു വായനാപുസ്തകങ്ങൾ | പ്രതിദിനം | |
| | * ഇംഗ്ലീഷ് പത്രം വായന | | HM ടീച്ചർ |
| | * ഇംഗ്ലീഷ് അസംബ്ലി | | |
| | * ഇംഗ്ലീഷ് ഡയറിക്കുറിപ്പ് | | |
| | * ചോദ്യങ്ങളും ഉത്തരങ്ങളും കണ്ടെത്തൽ | | |
| | * ഭാഷാ കളികൾ | | |
| | * സർഗാത്മക രചനകൾ വായിക്കൽ | | |
| | * കത്തുകൾ | | |
| | * നോട്ടീസുകൾ | | PTA HM |
| | * വിവരണങ്ങൾ | | |
| | * മാഗസിനുകൾ | | |
| | * ക്വിസ് മത്സരങ്ങൾക്ക് തയ്യാറാവൽ | | |
| | * [illegible] | | |
| | * വായനാമത്സരങ്ങളിൽ പങ്കെടുക്കുക | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | പിന്തുണ |
|---|---|---|---|
| (4) സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കുക | * പദസൂര്യൻ പൂർത്തിയാക്കൽ | | ടീച്ചർ |
| | * കടംകഥകൾക്ക് ഉത്തരം കണ്ടുപിടിക്കൽ / സ്വന്തമായി കടംകഥ രൂപീകരിക്കൽ | | |
| | * പദകാർഡ് നിർമാണം | | PTA |
| | * ചിത്രകാർഡ് നിർമാണം | | |
| | * സംഭാഷണം എഴുതി അവതരിപ്പിക്കൽ | | |
| | * പേരുകൾ എഴുതുന്ന പ്രവർത്തനം പക്ഷികൾ, മൃഗങ്ങൾ, സ്ഥലങ്ങൾ സസ്യങ്ങൾ എന്നിവ | ദീർഘകാലം | |
| | * ഡയറിക്കുറിപ്പ് തയ്യാറാക്കൽ | | ടീച്ചർ |
| | * വിവരണം എഴുതൽ | | |
| | * ആത്മകഥ / ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ | | |
| | * കവിതയുടെ ആശയം കണ്ടെത്തൽ | | |
| | * ആശയം ചോർന്നുപോകാതെ പാഠഭാഗം ചുരുക്കിയെഴുതൽ | | ടീച്ചർ |
| | * കഥാരചന / കവിതാരചന / ഉപന്യാസരചന | | |
| | * ഇംഗ്ലീഷ് പതിപ്പ് / കുറിപ്പ് തയ്യാറാക്കൽ | | |
| | * ക്ലാസ്സ് ലൈബ്രറി / സ്കൂൾ ലൈബ്രറി ഉപയോഗപ്പെടുത്തൽ | | |
| (5) സാങ്കേതിക വിദ്യകൾ സ്വായത്തമാക്കുക | * ഓഡിയോ സോങ്ങ്സ് / ഷോർട്ട്ഫിലിം ഓഡിയോ സ്റ്റോറിസ്, ചിത്രങ്ങൾ ഉപയോഗപ്രദമാക്കൽ | | CD |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | പിന്തുണ |
|---|---|---|---|
| | * ഫ്ലോ ചാർട്ട്<br>* മൃഗങ്ങളുടെ ശബ്ദം വീഡിയോ<br>* കളികൾ<br>* ഇൻസ്ട്രക്ഷൻസ്<br>* സംഭാഷണങ്ങൾ<br>* കുട്ടികളുടെ സിനിമകൾ<br>* കാർട്ടൂണുകൾ<br>* ലഘുനാടകങ്ങൾ<br>* ചിത്രങ്ങൾ വരച്ച് നിറം നൽകൽ<br>* സ്കിറ്റുകൾ<br>* കവിതകൾ, വിവരണങ്ങൾ, ലേഖനങ്ങൾ ഓഡിയോ<br>* നിർമാണം (പുഷ്പം, ഞണ്ട, മുഖംമൂടികൾ)<br>* പ്രൊജക്ട്സ്<br>* | | ടീച്ചർ<br>CD<br>പൂർവ്വവിദ്യാർത്ഥികൾ ടീച്ചർ |
| (6) നാടകീകരണം | * ഉത്സവ കാഴ്ചകൾ<br>* പാഠഭാഗം<br>* ബസ് സ്റ്റാന്റ്<br>* റെയിൽവേ സ്റ്റേഷൻ<br>* വിമാനത്താവളം<br>* ഹോട്ടൽ<br>* ക്ലാസ് റൂം<br>* ആശുപത്രി<br>* സ്കിറ്റുകൾ<br>* പച്ചക്കറികൾ, പഴങ്ങൾ, പൂക്കൾ, മൃഗങ്ങൾ, പക്ഷികൾ വാഹനങ്ങൾ നാടകാവതരണം | | പൂർവ്വവിദ്യാർത്ഥികൾ അധ്യാപകർ PTA<br>" |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | പിന്തുണ |
|---|---|---|---|
| (7) കവിതാലാപനം | * ഇംഗ്ലീഷ് കവിതകൾ പാടൽ | | C.D. |
| | * വരികൾ കൂട്ടിച്ചേർത്ത് പാടൽ | | |
| | * കവിതാ സി.ഡി കൾ കേൾക്കൽ | പ്രതിദിനം | |
| | * കവിതയുടെ ആശയം മനസ്സിലാക്കി പാടൽ | | |
| | * ഒരേ താളം വരുന്ന മറ്റു വരികൾ കണ്ടെത്തി പാടൽ | | |
| | * ഇംഗ്ലീഷ് കവിതാപുസ്തകങ്ങളിലെ കവിതകൾ പാടൽ | | ലൈബ്രറി |
| | * കവികളെ പരിചയപ്പെട്ട് വിവിധ കവിതകൾ പാടുന്നു | | പൂർവ്വ വിദ്യാർത്ഥികൾ |
| | * ലൈബ്രറി പുസ്തകങ്ങളിലെ കവിതകൾ പാടുന്നു | | ലൈബ്രറി |
| (8) സംവാദ സന്ദർഭങ്ങൾ | * വീട്ടിലെ പച്ചക്കറിത്തോട്ടം | | |
| | * സ്കൂളിലെ ജൈവ വൈവിധ്യ ഉദ്യാനം | | P.T.A |
| | * സ്കൂളിലെ പച്ചക്കറിത്തോട്ടം | | |
| | * സ്കൂൾ ആനിവേഴ്സറി | | P T A<br>പൂർവ്വവിദ്യാർത്ഥികൾ |
| | * ശിശുദിനപരിപാടികൾ ചർച്ച. | | |
| | * സ്കൂൾ ആനിവേഴ്സറി | | |
| | * ശിശുദിന പരിപാടികൾ | | |
| | * സ്കൂൾ [illegible] സംബന്ധി [illegible] | | HM / Teachers |

## പ്രവർത്തന പദ്ധതി - പഠനയാത്രകൾ - അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യവസ്തുത ഗ്രഹിക്കുന്നു. | പരിസ്ഥിതി പ്രാധാന്യമുള്ള സ്ഥലങ്ങൾ, നൈപുണ്യശാലകൾ തുടങ്ങിയവയിലേക്ക് നടത്തുന്ന പഠനയാത്രകൾ | അധ്യാപകർ HM, Teachers, PTA. | മാസത്തിൽ ഒരു പ്രാവശ്യം | 20,000 (സ്പോൺസർഷിപ്പ്) |

## പ്രവർത്തന പദ്ധതി - കായിക പരിശീലനം. അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കായിക പരിശീലനം കാര്യക്ഷമമാക്കൽ | ഫുട്ബോൾ, യോഗ തുടങ്ങിയ കായിക പരിശീലനം കുട്ടികൾക്ക് ലഭ്യമാക്കൽ | പി.ടി.എ SSA | ആഴ്ചയിൽ 2 ദിവസം | 10 000 സ്പോൺസർഷിപ്പ്. |

## പ്രവർത്തനം:- ജൈവവൈവിധ്യ പാർക്ക്, പച്ചക്കറി തോട്ടം അക്കാദമികം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രകൃതിയെ അടുത്തറിയാൻ അവസരം നൽകൽ | വിദ്യാലയത്തിൽ സൗകര്യപ്രദമായ സ്ഥലത്ത് ജൈവവൈവിധ്യ പാർക്ക് നിർമ്മിക്കൽ | എസ് ആർ ജി | വർഷത്തിൽ 1 പ്രാവശ്യം | 25000/- SSA |
| കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ | പച്ചക്കറിത്തോട്ടം നിർമ്മിക്കൽ | എസ് ആർ. ജി എസ്. എസ്. ജി | വർഷത്തിൽ 1 പ്രാവശ്യം | 5000/- കൃഷിവകുപ്പ് |

പ്രവർത്തന പദ്ധതികൾ - ഭൗതികം

മൾട്ടിമീഡിയ സൗകര്യമുള്ള ക്ലാസ് മുറി.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|
| മൾട്ടിമീഡിയ സൗകര്യമുള്ള ക്ലാസ് മുറി. | എൽ.സി.ഡി പ്രൊജക്ടർ | HM. PTA | സ്പോൺസർഷിപ്പ് 30 000 |
| | ലാപ്ടോപ്പ് 2 എണ്ണം | | 50000 |
| | ഇരിപ്പിടം (കസേര) | | 20 000 |
| | എൽ.ഇ.ഡി. ടി.വി | | 30 000 - |

പ്രവർത്തന പദ്ധതി - ഭൗതികം

ചിൽഡ്രൻസ് പാർക്ക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|
| ചിൽഡ്രൻസ് പാർക്ക് കുട്ടികളുടെ മാനസികവും ശാരീരികവുമായ ഉല്ലാസത്തിന് | കുട്ടികളുടെ പാർക്ക് | HM, P.TA, OSA | ധനകാര്യ സ്ഥാപനങ്ങൾ, സ്വകാര്യ വ്യക്തികൾ 50 000 |
| പൂന്തോട്ടം ശലഭോദ്യാനം | കുട്ടികളുടെ മാനസികോല്ലാസത്തിന് | OSA | 5000 OSA. |